# 173 ഫെഡറേഷനുകൾക്ക് നീര ഉത്പാദിപ്പിക്കാം



കൊച്ചി: നീര ഉത്പാദിപ്പിക്കാനും വിതരണം ചെയ്യാനും നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്ത നീര ഉത്പാദക ഫെഡറേഷനുകൾക്ക് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ്. 2014 മെയ് 13ന് പുറത്തിറങ്ങിയ ഉത്തരവിൽ ഫെഡറേഷനുകൾക്ക് പകരം സൊസൈറ്റികൾക്ക് ലൈസൻസ് നൽകണമെന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നു. ഇതു പ്രതിസന്ധിക്ക് ഇടയാക്കിയതിനെത്തുടർന്നാണ് സർക്കാർ പുതിയ ഉത്തരവ് ഇറക്കിയത്.

കഴിഞ്ഞ ഡിസംബർ അഞ്ചിന് നാളികേര വികസന ബോർഡ് ചെയർമാൻ അയച്ച കത്തിലെ നിർദേശം പരിഗണിച്ചാണ് പുതിയ ഉത്തരവ്. ഉത്തരവ് പ്രകാരം ബോർഡിൽ രജിസ്റ്റർ ചെയ്ത 173 ഫെഡറേഷനുകൾക്ക് ഉടൻ ലൈസൻസ് ലഭിക്കും.